കാലാവസ്ഥാ വകുപ്പിന്റെ രൂപീകരണം

77(1332) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലാവസ്ഥ സംബന്ധിച്ച കാര്യങ്ങൾക്കായി വകുപ്പും ഡയറക്ടറേറ്റും രൂപീകരിക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) പുതിയ വകുപ്പും ഡയറക്ടറേറ്റും രൂപീകരിക്കുമ്പോൾ നിലവിലുള്ള ഏതെങ്കിലും ഏജൻസിയോ വകുപ്പോ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനവും, പരിസ്ഥിതിയും സംബന്ധിച്ച കാര്യങ്ങൾക്കായി 18-12-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ.6/2010/പരി ഉത്തരവ് പ്രകാരം പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും ഡിപ്പാർട്ട്മെന്റ് പുതുതായി രൂപീകരിച്ച് നിലവിലുള്ള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയെ പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും ഡയറക്ടറേറ്റായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി-സി) ഉദിക്കുന്നില്ല.

പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

78(1333) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 18-12-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ.6/2010/പരി ഉത്തരവ് പ്രകാരം പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും ഡിപ്പാർട്ട്മെന്റ് പുതുതായി രൂപീകരിക്കുകയും നിലവിലുള്ള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയെ പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും ഡയറക്ടറേറ്റായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു:

1.	ഡയറക്ടർ	- 1
2.	എൻവയോൺമെന്റ് പ്രോഗ്രാം മാനേജർ	- 1
3.	എൻവയോൺമെന്റൽ എഞ്ചിനീയർ	- 1
4.	എൻവയോൺമെന്റ് സയന്റിസ്റ്റ്	- 1

LIBRARY ARCHIVES Kerala Legislative Assembly

5.	ഫിനാൻസ് ഓഫീസർ	- 1
6.	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	- 1
7.	എൻവയോൺമെന്റൽ ഓഫീസർ	- 2
8.	അസിസ്റ്റന്റ് എൻവയോൺമെന്റൽ ഓഫീസർ	- 2
9.	ഹെഡ് അക്കൗണ്ടന്റ്	- 1
10.	യു.ഡി.സി./എൽ.ഡി.സി.	- 2
11.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/സ്റ്റെനോ ടൈപ്പിസ്റ്റ്	- 1
12.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	- 1
13.	ടൈപ്പിസ്റ്റ്/കംപ്യൂട്ടർ ഓപ്പറേറ്റർ	- 1
14.	പ്യൂൺ	- 2
15.	ഡ്രൈവർ	- 1

മേൽ തസ്തികകളിൽ ഡയറക്ടർ, എൻവയോൺമെന്റ് പ്രോഗ്രാം മാനേജർ, എൻവയോൺമെന്റൽ എഞ്ചിനീയർ, എൻവയോൺമെന്റ് സയന്റിസ്റ്റ്, ഫിനാൻസ് ഓഫീസർ, ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ, പ്യൂൺ, എന്നീ തസ്തികകളിൽ ഓരോ ജീവനക്കാർ വീതം ആകെ 7 ജീവനക്കാരാണ് ഇന്ന് ഡയറക്ടറേറ്റിൽ നിലവിലുള്ളത്.

സി-ഡിറ്റിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി യോഗ്യതകളില്ലാത്ത താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

79(1334) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി യോഗ്യതകളില്ലാത്ത താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഗവേണിംഗ് ബോഡി തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സി-ഡിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി 2011 ജനുവരി 31-നും ഗവേണിംഗ് ബോഡി 2011 ഫെബ്രുവരി 1-നും എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സർക്കാർ സി-ഡിറ്റിനുവേണ്ടി ഇറക്കിയ ഉത്തരവ് അനുസരിച്ച് താൽക്കാലിക ജീവനക്കാരെ തെരഞ്ഞെടുക്കേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നാണോ ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണെങ്കിൽ കിറ്റ്കോവഴിയും, വാക്ക്-ഇൻ-ഇന്റർവ്യൂ വഴിയും 2006 മുതൽ 2009 വരെ നിയമനം നൽകിയത് നിലവിലുള്ള ഉത്തരവിന് വിരുദ്ധമായാണോ ;

(ഇ) കിറ്റ്കോ വഴിയും വാക്ക്-ഇൻ-ഇന്റർവ്യൂ വഴിയും നടത്തിയ നിയമനങ്ങളിലെ ആക്ഷേപങ്ങളും, കൃത്രിമങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly